## WEEKLY DEVOTION - FEBRUARY 2018

# Holyspirit The Helper

**(പരിശുദ്ധാത്മാവെന്ന സഹായി)**




ചൂടും തണുപ്പും രണ്ടും വിധത്തിലുള്ള വൈരുദ്ധ്യങ്ങളാണ്. ഇവ രണ്ടും കൂടി ചേരുമ്പോഴാണ് സാമാന്യമായ കാലാവസ്ഥ ഉണ്ടാകുന്നത്. ലോക ചിന്തകളും ആലോചനകളും ദൈവത്തോട് വൈരുദ്ധ്യമുള്ളതാണ്. ഈ വൈരുദ്ധ്യങ്ങളെ ആത്മീയ ജീവന് സഹായകമാക്കുന്ന വ്യക്തിയാണ് പരിശുദ്ധാത്മാവ്. തന്നെ ലോകം പകച്ചതിനാൽ തന്നിൽ വിശ്വസിക്കുന്നവരെയും പകെക്കുമെന്ന് യേശു മനസ്സിലാക്കിയതിനാലാണ് ദൈവീക ആളത്വമുള്ള പരിശുദ്ധാത്മാവിനെ പിതാവിനോട് ചോദിച്ചുവാങ്ങി നമുക്ക് (സഭയ്ക്ക്) നൽകിയത്. പരിശുദ്ധാത്മാവിനെ കൂടാതെ നാം ഈ ലോകത്തിൽ ജീവിച്ചാൽ ലോകത്തിന്റെ പകയിൽ തണുത്തുറഞ്ഞ് പോകുന്നു. പരിശുദ്ധാത്മാവിന്റെ ചൂടേറിയ സാന്നിദ്ധ്യം നമ്മുടെ വിശ്വാസജീവിതം തണുത്തുറഞ്ഞ് പോകാതെ സഹായിക്കുന്നു. ഈ സാന്നിദ്ധ്യം നമുക്കത്യന്താപേക്ഷിതമാണെന്ന് ഓരോ വിശ്വാസിയും അറിഞ്ഞിരിക്കേണ്ടതാണ്. പിതാവിനും പുത്രനും ഉള്ള അതേ ജ്ഞാനവും, ശക്തിയും മഹത്വവുമുള്ള സർവ്വവ്യാപിയാണ് ത്രിത്വത്തിൻ മൂന്നാമനായ പരിശുദ്ധാത്മാവ്. ആളത്വമുള്ള ഒരു വ്യക്തിയ്ക്കു മാത്രമേ നമ്മുടെ പ്രശ്നങ്ങളെ മനസ്സിലാക്കുവാനും, നമ്മെ സഹായിക്കുവാനും കഴിയുകയുള്ളൂ.

**പരിശുദ്ധാത്മാവ് സഹായിക്കുന്ന വിധങ്ങൾ**

**(1) പ്രാർത്ഥനയിൽ**

പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ നമ്മുടെ പ്രാർത്ഥന കർത്താവിന്റെ സന്നിധിയിലെത്തുന്നില്ല. പുത്രൻ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പിതാവിനോട്

മദ്ധ്യസ്ഥത ചെയ്യുന്നതുപോലെ ഭൂമിയിൽ നിന്നുള്ള നമ്മുടെ യാചനയെ പിതാവിന്റെ മുൻപിൽ എത്തിക്കുവാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലല്ലാത്ത പ്രാർത്ഥന വെറുതെ വാക്കുകളുടെ ജല്പനമായി ജീവനും ചൈതന്യവും ഇല്ലാത്തതാകുന്നു. പ്രാർത്ഥിപ്പാൻ പഠിപ്പിയ്ക്കുന്ന പരിശുദ്ധാത്മാവ് എങ്ങനെ പ്രാർത്ഥനയിൽ കർത്താവിനെ സമീപിക്കണമെന്നും, ദൈവഹിത പ്രകാരം പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്നും പഠിപ്പിക്കുന്നു. പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പാൻ പൗലോസ് എഫസോസുകാരോട് ആവശ്യപ്പെടുന്നു. ഈ സ്ഥിരത നമ്മിലും കാണേണ്ടതാണെന്നറിയുക

Look എഫേ (6:18)

ഒരു വിഷയത്തെപ്പറ്റി പ്രാർത്ഥിപ്പാനുള്ള ഭാരം തരുന്നതും, പ്രാർത്ഥനയിൽ ആ വിഷയത്തെ ബോധ്യപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്.

Read റോമ : (8:26)

വചനം ഗ്രഹിക്കുവാൻ കഴിവുള്ളവരാക്കണേ എന്ന് പ്രാർത്ഥിപ്പാൻ പരിശുദ്ധാത്മാവ് നമ്മളെ പ്രേരിപ്പിക്കുന്നു. Read എഫേ :(3:14-21) പ്രാർത്ഥനയുടെ മറുപടിക്കായി ക്ഷമയോടെ കാത്തിരിയ്ക്കുവാനുള്ള കൃപയും, വിശ്വാസവും തരുന്നത് പരിശുദ്ധാത്മാവാണ്., റോമർ (8:13,25)

**(2) ആത്മാവ് നമ്മെ വഴിനടത്തുന്നു.**

പരിശുദ്ധാത്മാവ് നമ്മളെ സകല സത്യത്തിലും വഴി നടത്തുന്നു. (യോഹ:16:13) ആത്മാവിന്റെ നിയന്ത്രണത്തിൽ നമ്മെ നടത്തുന്നവൻ ആ വഴിയെ നടക്കുവാനുള്ള അനുസരണ മനോഭാവവും തരുന്നു. യെരിഹോ മതിലിനു ചുറ്റും എത്ര പ്രാവശ്യം നടക്കണമെന്നുള്ള നിർദ്ദേശത്തെ ആരും അനുസരിക്കാതിരുന്നില്ല. ദൈവമക്കൾ ജഡത്തെ ക്രൂശിച്ചെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിന്റെ വഴിയെ നടക്കുവാൻ കഴിയുകയുള്ളൂ.

**(3) സകലവും ഉപദേശിച്ചുതരുന്നു (യോഹ: 14:26)**

പിതാവ് പുത്രന്റെ നാമത്തിൽ അയപ്പാനുള്ള കാര്യസ്ഥനാണ് പരിശുദ്ധാത്മാവ്. ഈ കാര്യസ്ഥൻ സകലവും ഉപദേശിച്ചു തരുന്നതിനാൽ മറ്റൊരു ഒരു ദൈവ പൈതലിനെ ഉപദേശിക്കേണ്ട കാര്യമില്ല. Read (1 യോഹ:2:20,27)

**(4) കൂടെ വസിക്കുന്നു.**

എന്നേക്കും നമ്മോടുകൂടെയിരിപ്പാനാണ് പരിശുദ്ധാത്മാവിനെ ചോദിച്ചു വാങ്ങിയത്. എന്നാൽ പുത്രൻ തേടിത്തന്ന വിലയേറിയ ഈ സമ്പത്തിനെ ലോകം അറിയുന്നില്ല. കൂടെ വസിക്കുന്നവൻ പാപത്തെപ്പറ്റിയും, ന്യായ വിധിയെപ്പറ്റിയും നമ്മെ ബോധ്യമുള്ളവരാക്കുന്നു. Read യോഹ: (14:16-18)

**(5) ശക്തിയുള്ള സാക്ഷികളാക്കിമാറ്റുന്നു**

അപ്പോ: (1:8) ൽ ശിക്ഷ്യന്മാരോട് പറഞ്ഞതു പോലെ നാമും കാത്തിരുന്ന് ആത്മാഭിഷേകം പ്രാപിച്ച് ക്രിസ്തുവിന്റെ ശക്തിയുള്ള സാക്ഷികളാകണം.

ഈ നല്ലവനായ പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ഈ ലോകത്തിൽ നമുക്ക് ജീവിപ്പാൻ സാധ്യമല്ല. എപ്പോഴും പ്രവർത്തന നിരതനായ പരിശുദ്ധാത്മാവ് നമ്മെ ജയജീവിത്തിലേക്ക് നയിക്കുന്നതിനാൽ പരിശുദ്ധാത്മ നിറവുള്ളവരാകുവാൻ ആഗ്രഹിക്കുക. അതിനായി ദൈവം കൃപ ചെയ്യട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind